# Master Plan

## അക്കാദമിക് മാസ്റ്റർ പ്ലാൻ –
## ജി എൽ പി സ്കൂൾ നല്ലൂർ, ഫറോക്ക്.

ആമുഖം

സമഗ്ര ഗുണ മേന്മ വിദ്യാഭ്യാസമാണ് നമ്മുടെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. ഈ ലക്ഷ്യത്തിലെത്താൻ പര്യാപ്തമായ പ്രവർത്തനങ്ങൾ നങ്ങളും ഈ മാസ്റ്റർ പ്ലനിലൂടെ വിഭാവനം ചെയ്യുന്നു.

വിദ്യാഭ്യാസ മികവും അക്കാദമിക് മികവും ഉയർത്തിയെടുക്കുന്നതിനായി 2025–26 അധ്യയന വർഷത്തിന് വേണ്ടി ജി എൽ പി സ്കൂൾ നല്ലൂർ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു. പ്രൈമറി തലത്തിൽ നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് അക്കാദമിക മികവു കൈവരിക്കാൻ സഹായിക്കുന്നതിലേക്കാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

പഠന പ്രക്രിയയെ കുറിച്ച് അവബോധം നൽകുക.

- സ്കൂൾ എല്ലാവർക്കും സൗകര്യപ്രദമാക്കുക.
- ജൈവ വൈവിധ്യ സംരക്ഷണം, ഔഷധ സസ്യങ്ങൾ തുടങ്ങിയവ സംരക്ഷിക്കുക.
- തൊഴിൽാധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക.
- വിദ്യാർത്ഥികൾക്ക് ഗൈഡൻസ്, കൗൺസിലിംഗ് സേവനങ്ങൾ ഒരുക്കുക.
- കുട്ടികളിൽ അന്തർലീനമായ ഊർജ്ജം നല്ല കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്തുക.

പൂന്തോട്ട നിർമ്മാണം.

- വ്യായാമം എന്നത് നിത്യ ജീവിതത്തിൽ നിർബന്ധമായ ഒരു ശീലമായി മാറ്റുക
- ലഹരി ഉപയോഗത്തിന്റെ മാരക വിപത്തുകൾ കുട്ടികളെ തുടർച്ചായായി ബോധ്യപ്പെടുത്തുക.
- പ്രാദേശിക ചരിത്രം,ഉത്ഭവം, സംസ്കാരിക വൈവിധ്യം എന്നിവ പരിചയപ്പെടുത്തുക.
- Talent Lab ആശയം നടപ്പിലാക്കുക.
- മാലിന്യ സംസ്കരണ മാർഗങ്ങൾ നടപ്പിലാക്കുക.
- പുതിയ തലമുറയുടെ കഴിവുകൾ വളർത്തുക.
- പ്രദേശിക വിഭവങ്ങൾ പഠനത്തിൽ ഉപയോഗിക്കുക.

ചിത്രമതിൽ പദ്ധതി

സ്കൂളിലെ മതിലുകളിൽ ആശയപരമായ ചിത്രീകരണം നടത്തി കുട്ടികളുടെ സൃഷ്ടിപരമായ മനസ്സ് വികാസിപ്പിക്കുക. ക്ലാസുകളിലെയും സ്കൂൾഭാഗങ്ങളിലെയും മതിലുകളിൽ ആശയചിത്രങ്ങൾ സജ്ജീകരിക്കുക.

വാർഷിക അവതരണം

വിദ്യാർത്ഥികളുടെ കലാപ്രതിഭയെ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുക. ചാനൽ വാർത്തകൾ വായിക്കുക. ഐ.സി.ടി പിന്തുണ ഉപയോഗിക്കുക.

വാർത്തനഗരം

മൾട്ടിമീഡിയ, ക്യാമറ, ഹാൻഡ് മൈക്രോഫോൺ മുതലായവ ഉപയോഗിച്ച് വാർത്താ അവതരണം ശീലിപ്പിക്കുക.

നീന്തൽ കുളം **(Swimming Pool)**

കായിക കഴിവുകൾ വികസിപ്പിക്കുകയും വെള്ളത്തിൽ അപകടങ്ങളിൽ നിന്നും രക്ഷപെടാനുള്ള പരിശീലനം നൽകുകയും ചെയ്യുക.

മിനി തിയറ്റർ

100 പേർക്ക് ഇരിക്കാൻ കഴിയുന്ന മിനി തിയറ്റർ ഐ.സി.ടി പിന്തുണയോടെ ഒരുക്കുക. വിവിധ പരിപാടികൾക്ക് ഇത് ഉപയോഗിക്കുക.

കുട്ടികളിൽ പൈതൃകം ബോധം വളർത്തൽ

പാർക്കുകൾ, മൃഗങ്ങൾ, ചിത്രങ്ങൾ, കഥകൾ, സംവാദം, കവിത എന്നിവയിലൂടെ കുട്ടികൾക്ക് പ്രകൃതിയും പൈതൃകവും പരിചയപ്പെടുത്തുക.

ഹൈടെക് ക്ലാസ്റൂം

ഡിജിറ്റൽ മാർഗങ്ങൾ ഉപയോഗിച്ച് പഠനം കൂടുതല് ഫലപ്രദമാക്കുക. Learning Management Systems, Smart Classrooms, Digital Texts എന്നിവ ഉപയോഗിക്കുക.

ചിത്രശലഭ പാർക്ക് **(Butterfly Garden)**

ജൈവവൈവിധ്യ ഉദ്യാനമായി ചിറകുള്ള പാർക്ക് തയ്യാറാക്കുക. ചിറകുള്ള ജീവികളുടെ സവിശേഷതകളും അവയുടെ ആവാസവ്യവസ്ഥയും മനസ്സിലാക്കാൻ ഇത് സഹായകരമാകും.

ഡിജിറ്റൽ ലൈബ്രറി

ചരിത്രം, കല, ഭാഷ, സംസ്കാരം എന്നിവയെ കുറിച്ച് ഡിജിറ്റൽ രീതിയിൽ വിവരങ്ങൾ ശേഖരിക്കുകയും അവതരണങ്ങൾ ഒരുക്കുകയും ചെയ്യുക.

## **Zumba** ഡാൻസ്

കുട്ടികളിലെ മാനസിക സംഘർഷം ലഘൂകരിക്കാനായി സുംബ ഡാൻസ് പരിശീലനം.

---